**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2290** **30-09-2025-ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. എം. കെ. മുനീർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ മരുന്ന് സംഭരണശാല എത്ര കാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും നിലവിലെ മരുന്ന് സംഭരണശാല എവിടെയാണെന്നും ഇത് നഗരപരിധിയിൽ നിന്നും എത്ര കിലോമീറ്റർ അകലെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ മരുന്ന് സംഭരണശാല 2013 ജനുവരി മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി വക കെട്ടിടത്തിലാണ് മരുന്നുസംഭരണശാല പ്രവർത്തിക്കുന്നത്. ഈ കെട്ടിടം നഗരപരിധിയിൽ നിന്നും 32 കിലോമീറ്റർ അകലെയാണ്.

**(ബി)** പ്രസ്തുത മരുന്ന് സംഭരണശാലയുടെ കെട്ടിടത്തിന്റെ ഉടമകളുടെ പേര് അറിയിക്കുമോ;

**മറുപടി:** കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി, പ്രസിഡന്റ് ശ്രീ. പി ജെ തോമസ്, സെക്രട്ടറി ശ്രീമതി. ധന്യ.

**(സി)** നിലവിലെ വാടക കെട്ടിടത്തിന് നാളിതുവരെയായി എത്ര തുക വാടകയായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

**മറുപടി:** നിലവിലെ വാടക കെട്ടിടത്തിന് നാളിതുവരെയായി ₹6,38,61,635/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത കെട്ടിടം കോഴിക്കോട് ജില്ലയിലെ കെ. എം. എസ്. സി. എൽ. ന്റെ മരുന്ന് സംഭരണശാലയ്ക്ക് വാടകയ്ക്ക് നൽകുവാൻ ഉടമകൾക്ക് സഹകരണ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

**മറുപടി:** അനുമതി ലഭിച്ചിട്ടുണ്ട്.

**(ഇ)** പ്രസ്തുത വാടക കെട്ടിടത്തിന് ഫയർഫോഴ്സിന്റെ എൻ. ഒ. സി. ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഫയർ എൻ.ഒ.സി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(എഫ്)** പ്രസ്തുത മരുന്ന് സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഭൂമി അനുവദിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കെ. എം. എസ്. സി. എൽ. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി:** 26.09.2011 തീയതിയിലെ G.O.(Rt) No.3364/2011/H&FWD നമ്പർ പ്രകാരം മലാപ്പറമ്പിൽ വെയർ ഹൗസ് നിർമ്മിക്കുവാൻ സ്ഥലം അനുവദിച്ചിരുന്നു എങ്കിലും ടി സ്ഥലം വെയർ ഹൗസ് നിർമ്മിക്കുവാൻ അനുയോജ്യമല്ലാത്തതിനാൽ, കോഴിക്കോട് കെ.എം.എസ്.സി.എൽ. സ്റ്റേറ്റ് ഓഫ് ആർട്ട് & സയന്റിഫിക് വെയർ ഹൗസ് നിർമ്മാണത്തിന് വേണ്ടി കോഴിക്കോട് ജില്ലയിലെ ചേവായൂർ ത്വക്ക് രോഗാശുപത്രിയുടെ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കോർപറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

**(ജി)** പ്രസ്തുത മരുന്ന് സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ സർക്കാർ/ ഏജൻസി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ ഏതെങ്കിലും കമ്പനി / ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

**മറുപടി:** 18.01.2012 തീയതിയിലെ സ.ഉ(കൈ) 18/2012/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

KMSCL -ന്റെ വെയർഹൗസ് വിവിധ ജില്ലകളിൽ നിർമ്മിക്കുവാൻ കൺസൾട്ടന്റ് ആയി M/s. Inkel -നെ തിരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി മുഖേന DPR തയ്യാറാക്കി പ്രസ്തുത നിർമ്മാണവുമായി മുന്നോട്ട് പോകുന്നതാണ്.

**സെക്ഷൻ ഓഫീസർ**